ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (31-8-2004 മുതൽ 20-1-2005 വരെ) സംസ്ഥാനത്ത് തൃശൂർ ജില്ലയിൽ ഗുരുവായൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ വച്ച് 30-11-2004-ൽ ഒരു ലാത്തിച്ചാർജ്ജ് നടന്നിട്ടുണ്ട്. (ക്രൈം നമ്പർ. 499/04).

(ബി) ക്രൈം നമ്പർ. 485/04 ഗുരുവായൂർ പോലീസ് സ്റ്റേഷനിലെ പ്രതിയായ ഏലിയാസ് എന്നയാളെ റിലീസ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 40-ഓളം വരുന്ന ആൾക്കാർ ടി പോലീസ് സ്റ്റേഷനിൽ പ്രവേശിക്കുകയും പോലീസുകാർക്ക് നേരെ കല്ലെറിയുകയും ചെയ്തപ്പോൾ അവരെ പിരിച്ചു വിടുവാൻ വേണ്ടിയാണ് ഒരു ലാത്തിച്ചാർജ്ജ് നടത്താൻ ഇടയായത്.

(സി) വിദ്യാർത്ഥികളുടെ നേരെ ഈ കാലയളവിൽ ലാത്തിച്ചാർജ്ജ് ഒന്നും തന്നെ ഉണ്ടായിട്ടില്ല.

(ഡി) പത്രക്കാർക്കുനേരെ ലാത്തിച്ചാർജ്ജ് ഒന്നും തന്നെ ഉണ്ടായിട്ടില്ല.

സംസ്ഥാനത്തെ ഐ.പി.എസ്. ഉദ്യോഗസ്ഥർ

53 [58] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-1997 മുതൽ 2003-2004 വരെയുള്ള ഓരോ വർഷവും സംസ്ഥാനത്ത് എത്ര ഐ.പി.എസ്. ഉദ്യോഗസ്ഥർ ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വർഷവും ഇവരുടെ ശമ്പളം, റ്റി.എ., ഡി.എ., ടെലിഫോൺ ചാർജ്ജ്, മൊബൈൽ ഫോൺ ചാർജ്ജ്, ഡീസൽ എന്നീ ഇനങ്ങളിൽ സംസ്ഥാന സർക്കാരിന് ചെലവ് വന്ന തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1996 മുതൽ 2004 വരെ സംസ്ഥാനത്ത് ജോലി ചെയ്ത ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ എണ്ണം താഴെ പറയുന്നു:

1996	..	97
1997	..	99
1998	..	99
1999	..	109
2000	..	114

LIBRARY ARCHIVES Kerala Legislative Assembly

2001	..	108
2002	..	102
2003	..	95
2004	..	110

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് അനുവദിക്കുവാൻ നടപടി

54 [59] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ എത്ര പോലീസ് സ്റ്റേഷനുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ എത്രയെണ്ണം സർക്കിൾ സ്റ്റേഷനുകൾ ആണെന്ന് അറിയിക്കാമോ;

(സി) തിരുവനന്തപുരം നഗരത്തിൽ ശ്രീകാര്യം, നാലാഞ്ചിറ പ്രദേശങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) കൺട്രോൺമെന്റ് അസിസ്റ്റന്റ് കമ്മീഷണറുടെ പരിധിയിൽ വരുന്ന പൂജപ്പുര, വട്ടിയൂർക്കാവ്, പേരൂർക്കട, മ്യൂസിയം സ്റ്റേഷനുകളും മെഡിക്കൽ കോളേജ് മേഖലയും ഉൾപ്പെടുത്തി പേരൂർക്കട ആസ്ഥാനമായി പുതിയ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് അനുവദിക്കണമെന്ന് തിരുവനന്തപുരം നോർത്ത് എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഇ) ഈ നിവേദനത്തിൽ അനുഭാവനടപടികൾ ഉണ്ടാകുമോ;

(എഫ്) തിരുവനന്തപുരം നഗരത്തിൽ പുതിയ ഒരു ട്രാഫിക് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ഓഫീസുകൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 19.

(ബി) 10.

(സി) ഉണ്ട്.

(ഡി—എഫ്) ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ലഭിച്ച നിവേദനത്തിന്മേൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly